(ഡി) മണി ലെന്റിംഗ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത പണമിടപാടുകാരിൽനിന്നും കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ താഴെ പറയുന്ന തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

വർഷം	*തുക*
2002-2003	4.06 കോടി രൂപ
2003-2004	3.31 കോടി രൂപ

പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

കെ. ജി. എസ്. റ്റി. ആക്ടിൽ എസ്. എസ്. ഐ. യൂണിറ്റുകൾക്ക് ഉള്ള ഗുണങ്ങൾ

"25 [3887] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്. എസ്. ഐ. യൂണിറ്റുകളും ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളും വില്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും ജനുവരി 2000 വരെ അനുവദിച്ചിരുന്ന ഇളവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ. ജി. എസ്. റ്റി. ആക്ടിലെ ഏത് വ്യവസ്ഥകൾ പ്രകാരമാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇളവുകൾമൂലം ഇത്തരം യൂണിറ്റുകൾക്ക് ഉണ്ടായിരുന്ന മെച്ചം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളെയും അവർ ഉല്പാദിപ്പിച്ച് വില്ക്കുന്ന ഉല്പന്നങ്ങളുടെ വിറ്റുവരവിനേയും ഉൽപ്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെമേലുള്ള വാങ്ങൽ നികുതിയേയും 31-3-1998 വരെ നികുതിയിൽനിന്നും ഒഴിവാക്കിയിരുന്നു. 1-4-1998 മുതൽ ഈ ഇളവ് വാർഷിക വിറ്റുവരവ് 25 ലക്ഷത്തിനു താഴെയുള്ള യൂണിറ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. എന്നാൽ 1-8-1998 മുതൽ വാർഷിക വിറ്റുവരവിന്റെ പരിധി എടുത്തുകളയുകയും നികുതി ഇളവ് എല്ലാ യൂണിറ്റുകൾക്കും ബാധകമാക്കുകയും ചെയ്തു. ഈ നികുതി ഇളവ് 31-12-1999 വരെ തുടർന്നു. 1-1-2000 മുതൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിൽ കവിയാത്ത യൂണിറ്റുകൾക്കായി നികുതി ഇളവ് വീണ്ടും പരിമിതപ്പെടുത്തി. എസ്. എസ്. ഐ. യൂണിറ്റുകളെ അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ നികുതിയേയും ഉല്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെമേലുള്ള വാങ്ങൽ നികുതിയേയും എസ്. ആർ. ഒ. 1729/93 പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ. ജി. എസ്. റ്റി. ആക്ടിലെ വകുപ്പ് 10 പ്രകാരമാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത്.

(സി) ഇതുമൂലം ഇത്തരം യൂണിറ്റുകൾക്ക് അവരുടെ ഉല്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

മണ്ണാർക്കാട് സബ്ട്രഷറിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി

26 [3888]*ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സബ്ട്രഷറിയിൽ ജീവനക്കാരുടെ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകാരണം ഇടപാടുകാർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ ഒരു തസ്തികയും ഒഴിഞ്ഞുകിടപ്പില്ല.

(ബി) & (സി) ചോദ്യം എ-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

ഭാഗ്യക്കുറി നിർത്തലാക്കുമ്പോൾ നൽകാനുണ്ടായിരുന്ന സമ്മാനതുക വിതരണം ചെയ്യാനുള്ള കാലതാമസം

27 [3889]*ശ്രീ. സി. ടി. അഹമ്മദ് അലി:*
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാഗ്യക്കുറി നിർത്തലാക്കുമ്പാൾ നൽകാനുണ്ടായിരുന്ന സമ്മാനത്തുക യിനത്തിൽ എന്തു തുക ഇതുവരെ കൊടുത്തുതീർത്തു?

ഉത്തരം

വകുപ്പിൽ സമർപ്പിച്ച ടിക്കറ്റുകളുടെ സമ്മാനത്തുകയിൽ 5,59,74,210 രൂപ ഇതുവരെ കൊടുത്തുതീർത്തു.

LIBRARY ARCHIVES Kerala Legislative Assembly